# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 175 | 16-06-2014 ൽ മറുപടിക്ക്

## ജനമൈത്രി എക്സൈസ് പദ്ധതിയുടെ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ജനമൈത്രി എക്സൈസ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | എ) "ജനമൈത്രി എക്സൈസ്" രൂപീകരിക്കുന്നതിന്റെ ആദ്യപടി എന്ന നിലയിൽ അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കാമോ ; | ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ബോധവൽക്കരണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണം കൂടി ഉറപ്പാക്കി, അതിലൂടെ ഈ മഹാവിപത്തിനെക്കുറിച്ചും മദ്യ-മയക്കുമരുന്നുകളുടെ ഉപഭോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കി, അവരുടെ കൂടി പങ്കാളിത്തത്തോടെ "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനോടൊപ്പം വ്യാജമദ്യ മയക്കു മരുന്നുകളുടെ ഉല്പാദനവും, വിപണനവും പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതിന് ജനങ്ങളുടെ സഹകരണത്തോടെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് പരിശ്രമിക്കുക എന്ന ലക്ഷ്യമാണ് ജനമൈത്രി എക്സൈസ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) വ്യാജമദ്യം തടയുവാനും മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തുവാനും എന്തൊക്കെ കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) എല്ലാ എക്സൈസ് റെയിഞ്ചിന്റേയും, അധികാര പരിധിയിലുള്ള സന്നദ്ധ സംഘടനകളെ കോർത്തിണക്കിക്കൊണ്ട്, വ്യാജമദ്യത്തിന്റേയും, മറ്റ് ലഹരി വസ്തുക്കളുടെയും, ഉല്പാദന കേന്ദ്രങ്ങളുടേയും, വില്പന കേന്ദ്രങ്ങളുടേയും വിവരങ്ങൾ ശേഖരിച്ച് |

കൊണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളിലൂടെ ടി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുകയും, ഈ പ്രവർത്തനങ്ങൾക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മേൽനോട്ടം വഹിക്കുകയും, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ തലത്തിൽ പ്രത്യേകമായ നിരീക്ഷണത്തിന് വിധേയമായിരിക്കുന്നതുമാണ്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുചിത്ര പ്രദർശനങ്ങൾ, ലഘുലേഖകൾ എന്നീ പരിപാടികളിലൂടെ ബോധവൽക്കരിക്കുകയാണ് പ്രധാന ലക്ഷ്യം. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെയും, എൻ.എസ്.എസ്., എസ്.പി.സി എന്നിവയിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതിനുപുറമേ കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ എന്നീ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഡി) ആരുടെ നേതൃത്വത്തിലാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഡി) "ജനമൈത്രി എക്സൈസ്" എന്ന പേരിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 15 അംഗ ഉദ്യോഗസ്ഥരുടെ ഒരു കർമ്മ സേന അട്ടപ്പാടിയിൽ രൂപീകരിച്ച് ഇതിനോടകംതന്നെ ലഹരി വിരുദ്ധ ബോധവൽക്കരണവും, എൻഫോഴ്സ്മെന്റ് പ്രവർത്തനവും ജനകീയ പങ്കാളിത്തത്തോടു കൂടി അട്ടപ്പാടി മേഖലയിൽ നടത്തിവരുന്നു. ജില്ലാടിസ്ഥാനത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് ഇതിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

(signature)

സെക്ഷൻ ആഫീസർ